# അക്കാദമിക
# മാസ്റ്റർ പ്ലാൻ

**പി.വി.എൽ.പി. സ്കൂൾ, അടൂർ.**

**2025-2026**

സ്കൂളിന്റെ പേര് : പി.വി.എൽ.പി.എസ്. അടൂർ

സ്കൂൾ വിഭാഗം : എയ്ഡഡ്

വിദ്യാഭ്യാസ ജില്ല : പത്തനംതിട്ട

വിദ്യാഭ്യാസ ഉപജില്ല : അടൂർ

യു.ഡയസ് കോഡ് : 32120100103

E-mail : pvlpsadoor2012@gmail.com

പോസ്റ്റ് ഓഫീസ് : അടൂർ

പിൻകോഡ് : 691523

# ഉള്ളടക്കം

ആമുഖം

അധ്യാപകര്‍ – സ്ഥിതിവിവരം

കുട്ടികള്‍ – സ്ഥിതിവിവരം

മേഖലകള്‍

ഭാഷ

ഇംഗ്ലീഷ്

ഗണിതം

ശാസ്ത്രം

ഉപസംഹാരം

# ആമുഖം

കൊല്ലവർഷം 1103 ക്രിസ്തുവർഷം 1927ൽ പരമേശ്വരവിലാസം ലോവർ പ്രൈമറി സ്കൂൾ എന്ന പി.വി.എൽ.പി. സ്കൂൾ ആരംഭിച്ചു. സ്കൂളിന്റെ ആദ്യകാല മാനേജർ അയ്യങ്കോയിക്കൽ പനങ്ങാട് ശ്രീ. കേശവൻ ഉണ്ണിത്താൻ ആയിരുന്നു. അടൂർ ടൗണിൽ ഉള്ള മുസ്ലീം പള്ളിയുടെ സമീപത്തെ ഒരു കെട്ടിടത്തിൽ 1, 2, 3 ക്ലാസ്സുകൾ ആയാണ് പ്രവർത്തനം ആരംഭിച്ചത്.

ശ്രീ. എൻ. രാഘവകുറുപ്പ് പ്രഥമ അധ്യാപകനായും, ശ്രീ. ആർ. നാരായണൻ നായർ, ശ്രീമതി ജാനകിയമ്മ എന്നിവർ അധ്യാപകരായും, ശ്രീമതി സൈനബ അറബി അധ്യാപികയായും സേവനം ആരംഭിച്ചു. 1113 ൽ സ്കൂളിന് അംഗീകാരം ലഭിച്ചു. ആദ്യ മാനേജ്മെന്റിൽ 1300 കുട്ടികൾ പ്രവേശനം നേടിയിരുന്നു. 1948ൽ മലങ്കര കത്തോലിക്ക സഭയുടെ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ ഇവാനിയോസ് പിതാവ് ഈ സ്കൂൾ ഏറ്റെടുക്കുകയും, അടൂർ സെൻട്രൽടോളിന് സമീപം എട്ടു ക്ലാസ് മുറികളോടുകൂടിയ ഒരു കെട്ടിടം പണിത് സ്കൂൾ മാറ്റി സ്ഥാപിക്കുകയും ചെയ്തു. ആദ്യ മാനേജരുടെ

ആവശ്യ പ്രകാരം PVLP സ്കൂൾ എന്ന നാമം പിന്തുടർന്ന് ഒരുഏക്കർ 79 സെന്റ് സ്ഥലത്ത് അടൂർ തിരുഹൃദയ കത്തോലിക്കപെള്ളിയുടെ മുറ്റത്ത് ഇപ്പോൾ ഈ സ്കൂൾ പ്രവർത്തിച്ചു വരുന്നു. ആദ്യ കാലങ്ങളിൽ PVLP സ്കൂളിൽ അഡ്മിഷൻ നേടുക വളരെ പ്രയാസകരമായിരുന്നു എന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. അടൂരും പ്രാന്തപ്രദേശങ്ങളിലുമുള്ള 90% ആളുകളും പ്രാഥമിക വിദ്യാഭ്യാസം നേടിയത് ഈ സ്കൂളിൽ നിന്നായിരുന്നു. എന്നാൽ ഏകീകരണം ഇല്ലാതെ അൺ എയ്ഡഡ് സ്കൂളുകൾ ഉയർന്നു വന്നതോടെ രക്ഷിതാക്കളുടെ മനോഭാവത്തിൽ മാറ്റം വരികയും, ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കുന്നത് വലിയ അഭിമാനമായി കരുതുകയും ചെയ്തതോടെ കുട്ടികളുടെ വരവിൽ കുറവ് അനുഭവപ്പെട്ടു തുടങ്ങി. എങ്കിലും അടൂർ സബ്ജില്ലയിലെ എണ്ണപ്പെട്ട വിദ്യാലയങ്ങളിൽ ഒന്നായി തന്നെ PVLP സ്കൂൾ ഇന്നും അറിയപ്പെടുന്നു. ഇന്ന് സ്കൂളിന്റെ കെട്ടും മട്ടും മാറി എട്ട് ക്ലാസ് മുറികൾ ഉള്ള ഒരു ഇരുനില കെട്ടിടം ഇപ്പോഴത്തെ മാനേജരായ കർദ്ദിനാൾ മാർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാബാവ പണി കഴിപ്പിച്ചു തന്നു. 69 ലക്ഷം രൂപ ചെലവാക്കി പണിത സ്കൂൾ അടൂരിന്റെ തിലകക്കുറിയായി സെൻട്രൽ

ടോളിൽ തിരുഹൃദയ കത്തോലിക്കാ ദേവാലയ ത്തിന്റെ മുറ്റത്ത് തലയെടുപ്പോടെ നിലനിൽക്കുന്നു.

MSC മാനേജ്മെന്റ് ഏറ്റെടുത്തതിനുശേഷം ആറായിരത്തിലധികം കുട്ടികൾ ഇവിടെ നിന്നും പഠിച്ചിറങ്ങി. സമീപത്തായി പ്രവർത്തിക്കുന്ന ഇതേ മാനേജ്മെന്റിന്റെ കീഴിലുള്ള ഹോളി ഏയ്ഞ്ചൽസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വാഹനത്തിൽ ഇവിടുത്തെ കുട്ടികളെയും കൊണ്ടുവരുന്നു എന്നത് ഇന്ന് കുട്ടികൾ കുറയാതിരിക്കാൻ ഒരു കാരണമാണ്. കൂടാതെ അഗാധമായ ഒരു സ്നേഹബന്ധം അധ്യാപകരും രക്ഷിതാക്കളും കുഞ്ഞുങ്ങളും തമ്മിൽ നിലനിർത്തിക്കൊണ്ടു പോകാൻ അധ്യാപകരായ ഞങ്ങൾ ശ്രമിക്കുന്നു.

# സ്ഥിതിവിവരം- അധ്യാപകർ

1. Sr. റോസമ്മ സിറിയക്ക് (Headmistress)
2. ഷൈനി പി.റ്റി.
3. ലിജി എം. ചാക്കോ
4. മിനി ജോൺ
5. ഷിബുമോൻ K M M

**പ്രീപ്രൈമറി**

1. സൗമ്യ
2. അമല പി. ചെറിയാൻ

# സ്ഥിതിവിവരം - കുട്ടികൾ

2025-26 അധ്യയനവർഷം 1 മുതൽ 4 വരെ ക്ലാസ്സുകളിൽ 85 കുട്ടികളും പ്രീ പ്രൈമറി ക്ലാസ്സുകളിൽ 33 കുട്ടികളും പഠിക്കുന്നുണ്ട്.

| സ്റ്റാൻഡേർഡ് | എണ്ണം |
|---|---|
| പ്രീപ്രൈമറി | 32 |
| Std I | 19+2 (ആധാർ ഇല്ലാത്തത്) |
| II | 23 |
| III | 27 (ആധാർ ഇല്ലാത്തത്) |
| IV | 17 |
| ആകെ | 120 |

# ഉള്ളടക്കം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ ത്തിന്റെ ഭാഗമായി താഴെ വിവരിക്കുന്ന പ്രോജക്ടുകളിലൂടെ ലക്ഷ്യസ്ഥാനത്ത് എത്താൻ വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്തു.

- **പൊതുലക്ഷ്യങ്ങൾ**
- കുട്ടികൾ ആർജ്ജിക്കേണ്ട കഴിവുകൾ സമയ ബന്ധിതമായി നേടിയെടുക്കുന്നതിനായി അക്കാദമിക മികവും ഭൗതികവുമായ സാഹചര്യങ്ങളെ ചിട്ടയായി ക്രമീകരിക്കുക
- അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തുക
- വായന, പ്രവർത്തനം സജീവമാക്കുക
- സർഗ്ഗാത്മക പ്രവർത്തനം മെച്ചപ്പെടുത്തുക
- സ്കോളർഷിപ്പുകൾ വർദ്ധിപ്പിക്കുക. (LSS etc)
- IT അധിഷ്ഠിത പഠനം
- സമൂഹത്തിന്റെ വിശ്വാസം ആർജ്ജിക്കുക
- പരിസ്ഥിതി സൗഹൃദമാക്കുക
- ആരോഗ്യ കലാകായിക വിദ്യാഭ്യാസം സംരക്ഷിക്കുക
- സൻമാർഗ്ഗപഠനം
- ഭവനസന്ദർശനം
- എന്റെ കുട്ടി (ഡയറി)
- **മേഖലകൾ**
- അക്കാദമികം

ഭാഷ - മലയാളം, ഇംഗ്ലീഷ്

ശാസ്ത്രം

സാമൂഹികം

ഗണിതം

ഭൗതികം

മേഖല - അക്കാദമികം

ഉപമേഖല - ഭാഷാപഠനം

പ്രവർത്തനത്തിന്റെ പേര്- മധുരം മലയാളം

**ലക്ഷ്യം**

എല്ലാ കുട്ടികളിലും അക്ഷരം ഉറപ്പിച്ച് മികച്ച വായനക്കാരാക്കുക

സർഗ്ഗാത്മക ശേഷി വർദ്ധിപ്പിക്കുക

(പാട്ടരങ്ങ്, റീഡേഴ്സ് തീയേറ്റർ, സംയുക്ത ഡയറി, സചിത്ര ഡയറി, സർഗ്ഗാത്മക ഡയറി, കാവ്യാത്മക ഡയറി)
രചനോത്സവം, വായനാകൂട്ടം, ഭാഷോത്സവം

കഥോത്സവം

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| • മികവുകളും പരിമിതികളും കണ്ടെത്തുന്നു | ജൂൺ | അധ്യാപകർ | |
| • പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തുന്നു. | ജൂൺ | അധ്യാപകർ | |
| • <u>**ചിത്രവായന**</u> ()<br>പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ ചിത്രവായനയിലൂടെ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ | അധ്യാപകർ | |
| • <u>**അക്ഷരക്കാർഡ്, പദകാർഡ്**</u> ()<br>വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വായനയ്ക്കായി നൽകുന്നു. | ജൂൺ | അധ്യാപകർ | |
| • <u>**മാതൃകാവായന**</u> ()<br>ക്ലാസ്സ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അധ്യാപകർ, കുട്ടികൾ എന്നിവരുടെ മാതൃകാവായന നടത്തുന്നു. | ജൂൺ- ആഗസ്റ്റ് | അധ്യാപകർ | |
| • <u>**പദപ്പയറ്റ്, പദനിർമ്മാണം**</u><br>കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് പദപ്പയറ്റ്, പദനിർമ്മാണം എന്നീ പ്രവർത്തനങ്ങൾ ഓരോ യൂണിറ്റിനൊപ്പം ചെയ്യുന്നു. | ആഗസ്റ്റ് മാർച്ച് | അധ്യാപകർ | |
| • <u>**മലയാളത്തിളക്കം**</u><br>പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ തയ്യാറാക്കിയ ടൂൾ ഉപയോഗിച്ച് മുൻനിരയിൽ എത്തിക്കാൻ ശ്രമിക്കുന്നു. | ജൂൺ മാർച്ച് | അധ്യാപകർ | |

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- |
| • **പത്രവാർത്ത**<br>ഓരോ ദിവസവും കുട്ടികൾ പത്രവാർത്ത തയ്യാറാക്കുന്നു. അസംബ്ലിയിൽ വായിക്കുന്നു. ക്ലാസ്സുകളിൽ പത്ര വായന നടത്തുന്നു. | ജൂലൈ മാർച്ച് | വിദ്യാർത്ഥികൾ | |
| • **സർഗ്ഗവേള**<br>എല്ലാ വെള്ളിയാഴ്ചകളിലും ക്ലാസ്സ് തല സർഗ്ഗവേള നടത്തുന്നു. പാഠഭാഗത്തെ മികച്ച പ്രവർത്തനങ്ങൾ മാസത്തിൽ അവസാന വെള്ളിയാഴ്ച സ്കൂൾതലത്തിൽ നടത്തുന്നു. (കഥ, കവിത, അഭിനയം, റീഡേഴ്സ് തീയേറ്റർ) | ജൂൺ മാർച്ച് | അധ്യാപകർ<br>വിദ്യാർത്ഥികൾ | |
| • **ലൈബ്രറി**<br>ജൂൺ രണ്ടാം വാരം ലൈബ്രറി രൂപീകരിക്കുന്നു. കുട്ടികളുടെ നിലവാരമനുസരിച്ചുള്ള പുസ്തകങ്ങൾ വായനയ്ക്കായി നൽകുന്നു.<br>• വായനക്കുറിപ്പ് തയ്യാറാക്കുന്നു<br>• വായന മത്സരം നടത്തുന്നു. | ജൂലൈ മാർച്ച് | അധ്യാപകർ<br>വിദ്യാർത്ഥികൾ | |
| • **പകർത്തെഴുത്ത്**<br>ഇരട്ടവര ബുക്കിൽ അധ്യാപകരുടെ നിർദ്ദേശാനുസരണം കുട്ടികൾ പകർത്തെഴുതുന്നു. | ജൂൺ മാർച്ച് | അധ്യാപകർ<br>വിദ്യാർത്ഥികൾ | |

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| • **<u>കേട്ടെഴുത്ത്</u>**<br>പാഠഭാഗത്തു നിന്ന് ആഴ്ചയിലൊരിക്കൽ കേട്ടെഴുത്ത് നടത്തുന്നു. | ജൂൺ<br>മാർച്ച് | അധ്യാപകർ | |
| • **<u>റീഡേഴ്സ് തീയേറ്റർ</u>**<br>പാഠവായനയ്ക്ക് അവസരം നൽകുന്നു.<br>സ്ക്രിപ്റ്റ് തയ്യാറാക്കൽ<br>അവതരണം (അഭിനയം) | ആഗസ്റ്റ്<br>മാർച്ച് | വിദ്യാർത്ഥികൾ | |
| • **<u>പാട്ടരങ്ങ്</u>**<br>പാഠ ഭാഗത്തുള്ളതും കുട്ടികൾ കണ്ടെത്തിയതുമായ കവിതകൾ കൂട്ടമായി ആലപിക്കുന്നു. | ജൂൺ<br>മാർച്ച് | വിദ്യാർത്ഥികൾ | |
| • **<u>പതിപ്പ്</u>**<br>പാഠഭാഗ പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ എന്നിവയുടെ ഭാഗമായി ക്ലാസ്സ്തല പതിപ്പുകൾ തയ്യാറാക്കുന്നു | ജൂൺ<br>മാർച്ച് | അധ്യാപകർ<br>വിദ്യാർത്ഥികൾ | |

## English

| Aim | Activity | Period |
|---|---|---|
| • To develop listening and reading skills | • Games<br>• Hello English Activites<br>• Conversations<br>• Identify the words from the picture<br>• Make simple sentences using the picture | June-March |
| • Develop creative speaking, reading and writing | • News Paper reading<br>• Word of World<br>• Reading the moral stories<br>• Write simple sentences using the picture<br>• Write simple descriptions about the picture | June-March |
| • To improve the presentation power | • Develop stories<br>• Prepare notice<br>• Letter writing<br>• Diary<br>• Read and rejoice | June-March |

## English

| Aim | Activity | Period |
|---|---|---|
| | | |

## വിഷയം : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| • സംഖ്യാബോധം ഉറപ്പിക്കുക | • വീട്ടിലും സ്കൂളിലും എല്ലാ കുട്ടികൾക്കും ഗണിത കിറ്റ് ഉറപ്പാക്കുന്നു. (മഞ്ചാടി സഞ്ചി)<br>• ഗണിത കിറ്റിലെ പഠനോപകരണങ്ങൾ ഗണിതാശയരൂപീകരണത്തിന് അധ്യാപിക ക്ലാസ്സിൽ എങ്ങനെ ഉപയോഗിക്കുന്നുയെന്നത്വീഡിയോ ആക്കി രക്ഷിതാക്കളുടെ ഗ്രൂപ്പിൽ ഇടു ന്നു. (ഗണിത കേളികൾ)<br>• കുഞ്ഞെഴുത്തുപുസ്തകം തയ്യാറാക്കൽ<br>• ഗണിതാഗാനാലാപനം<br>• ഗണിതഗാന ശേഖരണം<br>• ഗണിത ആൽബം<br>• സമാന പ്രവർത്തനങ്ങൾ കുട്ടികളെക്കൊണ്ട് രക്ഷിതാക്കൾചെയ്യിക്കുന്നു.<br>• ഗണിതച്ചെപ്പ് തയ്യാറാക്കൽ | ജൂൺ<br>മാർച്ച് |
| • ചതുഷ് ക്രിയകൾ ഉറപ്പിക്കൽ | • ഗണിതകേളികളിലൂടെ ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു.<br>• ഉല്ലാസഗണിതം പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തുന്നു.<br>• ഗണിതച്ചെപ്പിലെ സാമഗ്രികൾ ഉപയോഗിക്കുന്നു. | ജൂൺ<br>മാർച്ച് |

## വിഷയം : പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| • പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തി എടുക്കുക | • ജീവജാലങ്ങളെ നിരീക്ഷിക്കുക. (ആവാസ വ്യവസ്ഥ, പരസ്പരാശ്രയത്വം, പ്രത്യേകത)<br>• ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം തിരിച്ചറിയുന്നു. (ഫീൽഡ് ട്രിപ്പ്)<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടലുകൾ മനസ്സിലാക്കുന്നു.<br>(ഡോക്യുമെന്ററി പ്രദർശനം)<br>• പൂന്തോട്ടമൊരുക്കാം (സ്കൂൾ, വീട്)<br>• വൃക്ഷതൈ നടൽ, പരിപാലിക്കൽ, പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ, പതിപ്പിക്കൽ | ജൂൺ ഒക്ടോബർ |
| • കുട്ടികളെവ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക. | • ദിനകൃത്യങ്ങൾ കൃത്യമായി ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുക.<br>• വ്യക്തി ശുചിത്വവും ക്ലാസ് റൂം പരിസര ശുചിത്വവും പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.<br>• പരിസര മലിനീകരണ പ്രശ്നം അടുത്തറിയുന്നു. (സർവ്വേ, പരിസര നടത്തം) | ജൂൺ മാർച്ച് |
| • ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുന്നു പരീക്ഷണ നിരീക്ഷണങ്ങളിലൂടെ | • ഫീൽഡ് ട്രിപ്പ്<br>(കുളം, വയൽ, കാട് etc)<br>• ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>• പക്ഷി നിരീക്ഷണം | ജൂൺ മാർച്ച് |

# ഉപസംഹാരം

വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന വിവിധ കമ്മറ്റികൾ, പൂർവ്വ വിദ്യാർത്ഥികൾ, BRC, AEO, SSA, പൊതുജനങ്ങൾ തുടങ്ങി പരമാവധി ആളുകളെ പങ്കെടുപ്പിച്ചു കൊണ്ട് പൂർത്തിയാക്കുന്ന ഒരു പ്രോജക്ടാണിത്. ഇത് ഫലപ്രദമായി സാധ്യമാകുന്നതോടെ സമഗ്ര ഗുണമേന്മ യുള്ള ഒരു വിദ്യാലയമായി പി.വി.എൽ.പി. സ്കൂൾ ഉയരും എന്നതിൽ സംശയമില്ല. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഏവരുടേയും സാന്നിദ്ധ്യ സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു

ഈ പ്രോജക്ട് തയ്യാറാക്കാൻ സഹായിച്ച അധ്യാപകർ, S.S.G. അംഗങ്ങൾ ഏവരേയും നന്ദിയോടെ ഓർക്കുന്നു. ശുഭാപ്തി വിശ്വാസത്തോടെ പൊതുജന സമക്ഷം ഇത് സമർപ്പിച്ചു കൊള്ളുന്നു.

